**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4503** **19-03-2025 - ൽ മറുപടിയ്ക്ക്**

**അട്ടപ്പാടി ഭൂമി കൈയ്യേറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. രമ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | വ്യാജരേഖ ഉണ്ടാക്കി അട്ടപ്പാടിയിലെ ആദിവാസി ഭൂമി കൈയ്യേറ്റം ചെയ്യുന്നതുമായി ബന്ധപ്പെട്ട് പട്ടികവർഗ്ഗ വകുപ്പ് ഏതൊക്കെ തലങ്ങളിലുള്ള അന്വേഷണങ്ങളാണ് നാളിതുവരെ നടത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ; ഈ അന്വേഷണങ്ങളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | **അട്ടപ്പാടിയിലെ ആദിവാസി ഭൂമി കൈയ്യേറ്റം സംബന്ധിച്ച് പരാതി ലഭിക്കുമ്പോൾ ആയത് വകുപ്പിലെ ഫീൽഡ്തല ഉദ്യോഗസ്ഥർ പരിശോധിക്കുകയും കൈയ്യേറ്റം നടന്നത് സംബന്ധിച്ച് ഭൂരേഖകളുടെ അധികാരികത പരിശോധിച്ച് ഉറപ്പാക്കുന്നതിനും അനന്തര നടപടികൾ സ്വീകരിക്കുന്നതിനുമായി പരാതികൾ ജില്ലാ ഭരണകൂടത്തിന്റെയും മറ്റ് ബന്ധപ്പെട്ട വകുപ്പുകളുടെയും ശ്രദ്ധയിൽപ്പെടുത്തുകയാണ് ചെയ്തു വരുന്നത്.**<br><br>**അട്ടപ്പാടിയിൽ വ്യാജരേഖ ഉപയോഗിച്ച് ആദിവാസി ഭൂമി കൈയ്യേറിയത് സംബന്ധിച്ച് അഗളി, മട്ടത്തുകാട്, വട്ടലക്കി ഫാമിൽ ശ്രീ. റ്റി.ആർ. ചന്ദ്രൻ (കൺവീനർ ആദിവാസി ഭാരത് മഹാസഭ) ഉൾപ്പെടെയുള്ള 18 പേർ ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിച്ച പരാതിയിൽ പരിശോധന നടത്തുന്നതിന് ആദിവാസി പുനരധിവാസ വികസന മിഷൻ ഡെപ്യൂട്ടി ഡയറക്ടറുടെ നേതൃത്വത്തിൽ ഒരു സംഘം രൂപീകരിച്ച് വിഷയങ്ങൾ പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ സഹിതം വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ ബഹു. വകുപ്പ് മന്ത്രി നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ & റ്റി.ആർ.ഡി.എം. സ്പെഷ്യൽ ഓഫീസറുടെ 15/10/2024 ലെ എ/892/2024/ടി.ആർ.ഡി.എം. നമ്പർ ഉത്തരവ് പ്രകാരം പരിശോധന സംഘത്തെ നിയമിക്കുകയും പരിശോധന റിപ്പോർട്ട് സർക്കാരിലേയ്ക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.** |
| (ബി) | ഇതു സംബന്ധിച്ച് പട്ടികവർഗ്ഗ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ എന്തെല്ലാമാണെന്ന് | (ബി) | **പട്ടികവർഗ്ഗ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ സമർപ്പിച്ച അന്വേഷണ റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്.** |

| | | | |
|---|---|---|---|
| | അറിയിക്കുമോ; ഈ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; | | |
| (സി) | ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികളെന്തെല്ലാം; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) | **സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാരുടെ ഭൂമിയിലുള്ള അവകാശം സംരക്ഷിക്കുന്നതിനായി ഭൂമി കൈയ്യേറ്റം നിയന്ത്രിക്കുവാനും അന്യാധീനപ്പെട്ട ഭൂമി പുനഃസ്ഥാപിച്ച് നൽകുവാനും നടപടി സ്വീകരിച്ചു വരുന്നു.** |

സെക്ഷൻ ഓഫീസർ